ഹൈക്കോടതി, ശ്രീമതി മേഴ്സി വർക്കി തദ്ദേശസ്വയംഭരണവകുപ്പുസെക്രട്ടിറിക്ക് അപേക്ഷ നൽകുന്ന മുറയ്ക്ക് മിനിട്സിന്റെ പകർപ്പ് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തുരാജ് നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് കീരംപാറ പഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് എന്നാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ബഹു. മെമ്പർ കീരംപാറ പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ നൽകിയിട്ടുള്ള പരാതികൾ സമഗ്രമായി പരിശോധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ ഡിപ്പോ ആയി ഉയർത്തുന്നത് സംബന്ധിച്ച്

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : സർ, ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ ഒരു ഓപ്പറേറ്റിംഗ് ഡിപ്പോ ആയി ഉയർത്തണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വളരെ പഴക്കമുള്ള ഒരാവശ്യമാണിത്. 1976 മുതൽ ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. യുടെ ഓപ്പറേറ്റിംഗ് ഡിപ്പോ പ്രവർത്തനം ആരംഭിക്കണമെന്ന നിവേദനം ഗവൺമെന്റിന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 1996-ൽ അവിടെ ഒരു ബസ്സ് സ്റ്റേഷൻ ആരംഭിക്കുകയും സബ്സ്റ്റേഷനായിട്ട് അത് പ്രവർത്തിക്കുകയും ഒരു ഇൻസ്പെക്ടറെ അവിടെ നിയമിക്കുകയും ചെയ്തു. എൻ.എച്ച്. വഴി പോകുന്ന വാഹനങ്ങൾ അവിടെ കയറിയിറങ്ങുന്നു എന്നുള്ളതല്ലാതെ മറ്റു പ്രയോജനങ്ങളൊന്നും ഇതുകൊണ്ടുയുണ്ടാകുന്നില്ല. അഞ്ച് ഏക്കർ വസ്തുവും അതിൽ ആവശ്യമുള്ള കെട്ടിടങ്ങളും ചുറ്റുമതിലും പഞ്ചായത്തിന്റെയും നാട്ടുകാരുടെയും വകയായി കെ.എസ്.ആർ.ടി.സി.ക്ക് സംഭാവനയായി നൽകി. അത് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചു എന്നാൽ കൊല്ലത്തും ആറ്റിങ്ങലും ബസ്സ് സൂക്ഷിക്കുന്നതിന് സൗകര്യമില്ലാതെ റോഡുകളിൽ അനാഥമായിട്ടിരിക്കുന്ന സ്ഥിതിവിശേഷമുള്ളപ്പോൾപ്പോലും ഈ നാട്ടുകാർ സംഭാവനയായി നൽകിയ വസ്തുവും സ്ഥലവും കെട്ടിടങ്ങളും ഉപയോഗിക്കുന്നതിന് കെ.എസ്.ആർ.ടി.സി. തയ്യാറാകുന്നില്ല. അതുപയോഗിച്ച് ഒരു ഓപ്പറേറ്റിംഗ് സ്റ്റേഷനായി നടത്തുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ജനങ്ങൾ അവിടെ നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. അത് ശ്രദ്ധിക്കാതിരിക്കുകയാണ്. 1997-98-ലെ ബഡ്ജറ്റിൽ ഈ ഡിപ്പോ പ്രവർത്തനം ആരംഭിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ പറഞ്ഞിരുന്നു. ആ വർഷവും കഴിഞ്ഞു, അടുത്തവർഷവും കഴിഞ്ഞു. ഇപ്പോഴും അതിനെക്കുറിച്ച് ആലോചനയേയില്ല. ബഹുജനങ്ങൾ ഈ വിഷയത്തിൽ ഒരു ജനകീയസമരത്തിനുതന്നെ തയ്യാറായിട്ടുണ്ട്. പരിദേവനങ്ങൾകൊണ്ട് ഫലമില്ലെന്നുവന്നതിന്റെ അടിസ്ഥാനത്തിലാണിത്. തീർച്ചയായും ജനകീയ ഗവൺമെന്റും അതിലെ മന്ത്രിയും ഈ കാര്യത്തിൽ അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കുന്നതിനും ചാത്തന്നൂർ ഡിപ്പോ നാമമാത്രമായി പ്രവർത്തിക്കുന്ന സബ്സ്റ്റേഷനുപകരം ഓപ്പറേറ്റിംഗ് ഡിപ്പോ ആയി ഉയർത്തുന്നതിനുമാവശ്യമായ നടപടികൾ ഫലപ്രദമായി അടിയന്തിരമായി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി <u>(ഡോ. എ. നീലലോഹിതദാസൻ നാടാർ)</u> : സർ, ഓപ്പറേറ്റിംഗ് ഡിപ്പോ എന്നു പറഞ്ഞിട്ട് ഒന്നില്ല. ഓപ്പറേറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സെന്ററുണ്ട്, സബ് ഡിപ്പോയുണ്ട്. 18.7.1997-ലാണ് ചാത്തന്നൂരിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിച്ചത്. ചാത്തന്നൂരിൽകൂടി കടന്നുപോകുന്ന എല്ലാ ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പും, ഓർഡിനറി ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും ചാത്തന്നൂർ ഓപ്പറേറ്റിംഗ് സെന്ററിൽക്കൂടി കടന്നുപോകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, ചാത്തന്നൂർ ബസ്സ് സ്റ്റേഷനും ജംഗ്ഷനും ഐഡന്റിക്കൽ ഫെയർസ്റ്റേജാക്കി ഉത്തരവിറക്കിയിട്ടുണ്ട്. ചാത്തന്നൂർ ഒരു ബസ്സ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിനുവേണ്ടി സ്ഥലം കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തിട്ടുണ്ട്. ഓഫീസ് കെട്ടിടം, ഗ്യാരേജ് കെട്ടിടം, ജീവനക്കാർക്കും യാത്രക്കാർക്കും വേണ്ടിയുള്ള ടോയ്ലറ്റ് എന്നിവയാണ് ഇപ്പോൾ നിലവിലുള്ളത്. എങ്കിലും ഒരു ഡിപ്പോ പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളൊന്നും ലഭ്യമായിട്ടില്ല. സാമ്പത്തിക പരിമിതിമൂലം ഗ്യാരേജിന്റേയും ഓഫീസിന്റെയും വൈദ്യുതീകരണം നടന്നിട്ടില്ല. എം.പി. ഫണ്ടുപയോഗിച്ച് ചുറ്റുമതിലിന്റെ പണി നിർമ്മിതിയുടെ മേൽനോട്ടത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ടാർ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചുവെങ്കിലും സാമ്പത്തിക ഞെരുക്കംമൂലം കരാർ ഉറപ്പാക്കുവാൻ കഴിഞ്ഞില്ല. ചാത്തന്നൂർ ഓപ്പറേറ്റിംഗ് സെന്ററിൽ ഇപ്പോൾ മൂന്നു സർവ്വീസുകൾ അനുവദിച്ചിട്ടുണ്ട്. ചാത്തന്നൂരിന് വടക്ക് 15.9 കിലോമീറ്ററിനുള്ളിൽ കൊല്ലത്തും തെക്ക് 22.6 കിലോമീറ്റനിനുള്ളിൽ ആറ്റിങ്ങലും രണ്ട് മേജർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 38 കിലോമീറ്ററിനുള്ളിൽ ഒരു ഡിപ്പോകൂടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോഴുണ്ട് എന്നുള്ളത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. എങ്കിലും വാഹനത്തിന്റെയും ജീവനക്കാരുടേയും ലഭ്യതയനുസരിച്ച് ബസ്സ് സ്റ്റേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനനുസരിച്ചും ഇക്കാര്യം സജീവമായി ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(11) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെ ഉപവാസം

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, നമ്മുടെ സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാർ കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് സംസ്ഥാന വ്യപകമായി പ്രതിഷേധദിനം ആചരിക്കുകയും സെക്രട്ടേറിയറ്റുനടയിൽ ഉപവാസമനുഷ്ഠിക്കുകയുമാണ്. സഹകരണ മേഖലയിലെ ജീവനക്കാരുടെ പൊതുവായ പ്രശ്നങ്ങളെ സംബന്ധിച്ചും അതുപോലെ സഹകരണമേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയും ഇതിന് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയുമാണ് ഉപവാസത്തിന്റെ ഉദ്ദേശം. അവർ ഉന്നയിച്ചിരിക്കുന്ന 15 അടിയന്തിര ആവശ്യങ്ങൾ മുഴുവനും സമയ പരിമിതിമൂലം ഞാൻ പറയുന്നില്ല. എങ്കിലും ഏറ്റവും പ്രധാനമായി അവർ ഉന്നയിച്ചിരിക്കുന്നത് മൽസര പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ അർഹമായ പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെടുമോ എന്ന ആശങ്കയാണ്. അർഹമായ ആളുകൾക്ക് പ്രൊമോഷൻ സാധ്യത നഷ്ടപ്പെടില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുകയും സഹകരണ ജീവനക്കാർക്ക് ക്ഷേമനിധി നടപ്പിലാക്കുകയും ഇപ്പോഴത്തെ ക്ഷേമനിധി പരിഷ്ക്കരിക്കുകയും അത് ഒരുലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യണമെന്നും സഹകരണ ജീവനക്കാർക്ക് പൊതു സർവീസ് കോമൺ സർവീസായി പ്രഖ്യാപിക്കണമെന്നുമുള്ള ആവശ്യമാണുള്ളത്. അതുപോലെതന്നെ സഹകരണമേഖലയെ പൊതുമായി ബാധിക്കുന്ന പ്രശ്നങ്ങളെന്ന നിലയിൽ നമ്മുടെ ജില്ലാ മൊത്തവ്യാപാര സഹകരണസംഘങ്ങളെ പുനരുദ്ധരിക്കാനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly